

# ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ
# തൊഴിൽ നയം



കേരള സർക്കാർ
തൊഴിലും നൈപുണ്യവും വകുപ്പ്





# ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ
# തൊഴിൽ നയം

കേരള സർക്കാർ
തൊഴിലും നൈപുണ്യവും വകുപ്പ്

കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - തൊഴിൽ നയം - അന്തിമരൂപത്തിന് അംഗീകാരം നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (ജെ) വകുപ്പ്

സ.ഉ. (കൈ) നം.**27**/2018/തൊഴിൽ — തീയതി, തിരുവനന്തപുരം 18/05/2018

---

പരാമർശം: 23/06/2017 – ലെ സ.ഉ. (കൈ) നം. 47/2017/തൊഴിൽ

<u>ഉത്തരവ്</u>

കേരളത്തിന്റെ സാമൂഹിക സാമ്പത്തിക മേഖലകളുടെ സമഗ്രമായ വളർച്ചയും, തൊഴിലാളി സമൂഹത്തിന്റെ ക്ഷേമവും സാമൂഹിക സുരക്ഷയും ഉറപ്പാക്കി, കേരളത്തെ ഒരു തൊഴിലാളി സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനും, സംസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ വികസനം ലക്ഷ്യം വച്ചും ഒരു തൊഴിൽ നയം രൂപീകരിക്കുവാൻ സർക്കാർ തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഒരു കരട് തൊഴിൽ നയം തയ്യാറാക്കി പരാമർശത്തിലെ ഉത്തരവ് പ്രകാരം അംഗീകാരം നൽകി പൊതുജനാഭിപ്രായം സ്വരൂപിക്കുന്നതിനായി പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു.

2) അപ്രകാരം ലഭ്യമായ അഭിപ്രായങ്ങൾ കൂടി പരിശോധിച്ച് തയ്യാറാക്കിയ തൊഴിൽ നയത്തിന്റെ അന്തിമരൂപത്തിന് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ടോം ജോസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ചീഫ് സെക്രട്ടറി/എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/എല്ലാ സെക്രട്ടറിമാർക്കും./എല്ലാ സ്പെഷ്യൽ സെക്രട്ടറിമാർക്കും.
തൊഴിൽ വകുപ്പിലെ എല്ലാ വകുപ്പ് തലവൻമാർക്കും.
പൊതുഭരണ (എസ്.സി)വകുപ്പ് (ഇനം നം.2164 തീയതി 16/05/2018 പ്രകാരം)
ധനകാര്യ വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ് (തൊഴിൽ നയം സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും പ്രചുരപ്രചാരണത്തിനുമായി)
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ



കേരളത്തിലെ വിവിധ തൊഴിൽ മേഖലകളിൽ ആരോഗ്യകരമായ തൊഴിൽ സംസ്കാരം പരിപോഷിപ്പിക്കുന്നതിന് തൊഴിലാളി-തൊഴിലുടമാ ബന്ധം ഊട്ടിയുറപ്പിക്കേണ്ടത് പരമ പ്രധാനമാണ്.

തൊഴിലും തൊഴിൽ അവകാശങ്ങളും സംരക്ഷിച്ചും, സാമൂഹ്യ സുരക്ഷിതത്വം ഉറപ്പുവരുത്തിയും സർക്കാർ  തൊഴിലാളികൾക്കൊപ്പം നിൽക്കുന്നു. കേരളം തൊഴിൽ-സംരംഭക സൗഹൃദ സംസ്ഥാനമായി മാറുകയാണ്. സംതൃപ്തവും സദാ പ്രവർത്തനനിരതവുമായ തൊഴിൽ മേഖല സംസ്ഥാനത്തിന്റെ സാമൂഹിക-സാമ്പത്തിക വളർച്ചയുടെയും സമഗ്ര വികസനത്തിന്റെയും നിർണായക ഘടകങ്ങളിൽ ഒന്നാണ്. ഈ ലക്ഷ്യം കൈവരിക്കുവാനായി പുതിയ തൊഴിൽ നയം സർക്കാർ മുന്നോട്ടുവയ്ക്കുന്നു.

സ്വയം തൊഴിൽ ചെയ്യുന്നവരുൾപ്പെടെ അസംഘടിത മേഖലകളിലെ തൊഴിലാളികളുടെ സാമൂഹിക-സാമ്പത്തിക സുരക്ഷ ഈ നയം ഉറപ്പാക്കുന്നു. സ്ത്രീസൗഹൃദ തൊഴിലന്തരീക്ഷം സൃഷ്ടിക്കുന്നതിലൂടെ ലിംഗ സമത്വം ഉറപ്പുവരുത്തി സ്ത്രീ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കും. സംസ്ഥാനത്തെ തൊഴിൽ മേഖലയുടെ പ്രധാന ഘടകമായി മാറിക്കഴിഞ്ഞ അതിഥി (ഇതര സംസ്ഥാന) തൊഴിലാളികളുടെ സാമൂഹിക സുരക്ഷ ഉറപ്പുവരുത്തും.

ആഗോള സമ്പദ് ഘടനയിലെ മാറ്റങ്ങൾ തൊഴിൽ വിപണിയിലും പ്രതിഫലിക്കുന്നു. ഇതിനനുസൃതമായി സേവന സമയക്രമം, ദൈർഘ്യം, വേതന ഘടന, പരിശീലനം, നൈപുണ്യ വികസനം തുടങ്ങിയവയിൽ കാലോചിതമായ മാറ്റങ്ങൾ അനിവാര്യമാണ്.

തൊഴിലാളികളുടെയും തൊഴിലുടമകളുടെയും യോജിച്ച മുന്നേറ്റത്തിലൂടെയും, തൊഴിൽ സൗഹൃദ അന്തരീക്ഷം ശക്തിപ്പെടുത്തിയും, സംസ്ഥാനത്തിന്റെ സ്ഥായിയായ വികസനം ലക്ഷ്യമാക്കി ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ തൊഴിൽനയം പ്രഖ്യാപിക്കുന്നു. പൊതുസമൂഹത്തിന്റെ ചർച്ചയ്ക്കായി അവതരിപ്പിച്ച കരട് തൊഴിൽ നയത്തിന്മേൽ വിവിധ മേഖലകളിൽ നിന്ന് വിലപ്പെട്ട അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉയർന്നുവന്നു. അവ കൂടി പരിഗണിച്ചാണ് തൊഴിൽ നയത്തിന് സർക്കാർ രൂപം നൽകിയിട്ടുള്ളത്.

8 ഉദ്ദേശ്യം

9 ലക്ഷ്യം

10 ലേബർ കമ്മീഷണറേറ്റ്

21 ഓവർസീസ് ഡെവലപ്മെന്റ് & എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ് (ODEPC)

22 കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ & എംപ്ലോയ്മെന്റ് (KILE)



22 ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്

24 നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ്

26 ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ്

27 വ്യാവസായിക പരിശീലന വകുപ്പ്

28 കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE)

30 ഉപസംഹാരം



# ഉദ്ദേശ്യം



**കേ**രളത്തിന്റെ സാമൂഹിക സാമ്പത്തിക മേഖലകളുടെ സമഗ്രമായ വളർച്ചയും തൊഴിലാളി സമൂഹത്തിന്റെ ക്ഷേമൈശ്വര്യങ്ങളും സാമൂഹിക സുരക്ഷയും ഈ നയം ഉറപ്പാക്കുന്നു.
തൊഴിലുടമ-തൊഴിലാളി ബന്ധം ഊട്ടി ഉറപ്പിച്ച് കേരളത്തെ തൊഴിൽ സൗഹൃദ സംസ്ഥാനമാക്കി ശക്തിപ്പെടുത്താനും സംസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ വികസനം ലക്ഷ്യംവച്ച് അടിസ്ഥാന സൗകര്യ വിപുലീകരണവും ഈ നയത്തിലൂടെ സർക്കാർ ഉദ്ദേശിക്കുന്നു.

# ലക്ഷ്യം




ഉദ്പാദനക്ഷമതയിലൂന്നിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, തൊഴിൽ വൈദഗ്ധ്യം വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്യുക, മെച്ചപ്പെട്ട വേതനം ലഭിക്കത്തക്ക തൊഴിലവസരങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ അവസരം സൃഷ്ടിച്ച് ലിംഗസമത്വം ഉറപ്പു വരുത്തുക, തൊഴിലാളികൾക്ക് ന്യായമായ വേതനവും, ആരോഗ്യ സുരക്ഷയും ഉറപ്പാക്കുക, തൊഴിലിടങ്ങളിലെ വൃത്തിയും ശുചിത്വവും ഉറപ്പുവരുത്തി മികച്ച തൊഴിലന്തരീക്ഷം സൃഷ്ടിക്കുക. വേതന സുരക്ഷ നടപ്പാക്കിയും സേവന കാലയളവിലും അതിനു ശേഷവും സാമ്പത്തിക ഭദ്രതയും ആരോഗ്യസംരംക്ഷണവും ഉറപ്പുവരുത്തിയും തൊഴിലാളികളുടെ നിയമപരമായ അവകാശങ്ങൾ സംരക്ഷിച്ചും തൊഴിൽ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് തൊഴിൽ വകുപ്പിനെ സജ്ജമാക്കുക, സമസ്ത മേഖലയിലെയും തൊഴിലാളികൾക്ക് മാന്യമായ വേതനവും സാമൂഹ്യസുരക്ഷയും ഉറപ്പുവരുത്തുക.

# ലേബർ കമ്മീഷണറേറ്റ്

## തൊഴിൽ തർക്കങ്ങൾ

- ആരോഗ്യകരമായ വ്യവസായ ബന്ധം വളർത്തിയെടുത്ത് സംസ്ഥാനത്ത് മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുള്ള ക്രിയാത്മക പ്രവർത്തനങ്ങൾ പരിപോഷിപ്പിക്കും.
- കാർഷികം, ഐ.ടി, മത്സ്യ സംസ്കരണം, നിർമ്മാണം, കച്ചവടം തുടങ്ങി കൂടുതൽ മേഖലകളിൽ വ്യവസായ ബന്ധസമിതി രൂപീകരിക്കും.
- തൊഴിൽ മേഖലയിലെ അനാരോഗ്യ പ്രവണതകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കും.





# എൻഫോഴ്സ്മെന്റ്

- തൊഴിൽ തർക്കങ്ങൾ പരമാവധി ഒഴിവാക്കുന്നതിന് സുദൃഢമായ തൊഴിലാളി-തൊഴിലുടമാ ബന്ധം ഉറപ്പാക്കും.
- ചുമട്ടു തൊഴിലാളി മേഖലയിലെ തർക്കങ്ങൾ ഒഴിവാക്കാൻ ചുമട്ടു തൊഴിലാളി ക്ഷേമപദ്ധതി കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കും.
- തൊഴിൽ തർക്കങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കും.
- അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് ആധാർ അധിഷ്ഠിത ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തും.
- ചുമട്ടു തൊഴിലാളി രജിസ്ട്രേഷൻ ആധാർ അധിഷ്ഠിതമാക്കും. രജിസ്ട്രേഷൻ പുതുക്കൽ ഏർപ്പെടുത്തി യഥാർത്ഥ തൊഴിലാളികളുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കും.
- തൊഴിൽ തർക്കങ്ങൾ ജില്ലാ ലേബർ ഓഫീസർമാർക്ക് നേരിട്ട് ലേബർ കോടതിയിലേക്കോ, ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിലേയ്ക്കോ റഫർ ചെയ്യുന്നതിന് അധികാരം നൽകാൻ നിയമഭേദഗതി കൊണ്ടുവരും.
- ഗാർഹിക തൊഴിലാളികളുടെ ജോലിക്കും സംരക്ഷണത്തിനുമായി പ്രത്യേക ലേബർ ബാങ്ക് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കും.
- കൂട്ടായ വിലപേശൽ ശക്തിപ്പെടുത്തുന്നതിനും സുതാര്യ മാക്കുന്നതിനും 2010 ലെ റെക്കഗ്നിഷൻ ഓഫ് ട്രേഡ് യൂണിയൻ നിയമം എല്ലാ മേഖലകളിലും ശക്തമായി നടപ്പിലാക്കും.
- ചെയ്യാത്ത ജോലിക്ക് കൂലി വാങ്ങുന്നതായുള്ള പരാതി ഉയർന്നുവരുന്നുണ്ട്. ഇത് പൂർണമായി അവസാനിപ്പിക്കുന്നതിന് കർശന നടപടി സ്വീകരിക്കും. ചുമട്ടുതൊഴിലാളികളുടെ കൂലി ഏകീകരിക്കുന്നതിനും നടപടി സ്വീകരിക്കും.
- മിന്നൽ പണിമുടക്ക് പോലുള്ള സമരരൂപങ്ങൾ നിരുത്സാഹപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കും.
- കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന അസംഘടിത തൊഴിലാളികളുടെ തൊഴിൽ സാഹചര്യവും, വേതനവും മെച്ചപ്പെടുത്താൻ പര്യാപ്തമാകുന്ന രീതിയിൽ തൊഴിൽവകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ശാക്തീകരിക്കുകയും നവീകരിക്കുകയും ചെയ്യും.
- ഐ.റ്റി മേഖലയിൽ തൊഴിൽ വകുപ്പ് ആരംഭിച്ച സ്വയം സാക്ഷ്യപ്പെടുത്തൽ പദ്ധതി പോരായ്മകൾ പരിഹരിച്ച് ഇതര മേഖലകളിലേക്കും ഘട്ടം ഘട്ടമായി വ്യാപിപ്പിക്കും.
- തൊഴിലാളികളുടെ വേതനം ആധാറുമായി ബന്ധിപ്പിച്ച് വ്യക്തിഗത ബാങ്ക് അക്കൗണ്ടുകളിലൂടെ വിതരണം നടത്തുന്ന വേതന സുരക്ഷാ പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പാക്കും.
- തൊഴിൽ വകുപ്പിന്റെ രജിസ്ട്രേഷൻ, ലൈസൻസ് നടപടിക്രമങ്ങൾ പൂർണ്ണമായി ഓൺലൈൻ ആക്കുകയും ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കുകയും ചെയ്യും.
- വിവിധ തൊഴിൽ നിയമങ്ങൾ അനുസരിച്ചുള്ള പരിശോധനാ നടപടികൾ സുതാര്യമാക്കുകയും പരിശോധകരെ (ഇൻസ്പെക്ടർ) തൊഴിലാളികളുടെയും തൊഴിലുടമകളുടെയും സൗകര്യദായകർ (ഫെസിലിറ്റേറ്റർ) ആക്കി മാറ്റുകയും ചെയ്യും.
- വിവിധ തൊഴിൽ നിയമങ്ങൾ അനുസരിച്ച് സൂക്ഷിക്കേണ്ട രജിസ്റ്ററുകളും സമർപ്പിക്കേണ്ട രേഖകളും ലഘൂകരിച്ച് ഏകീകരിക്കുകയും ഓൺലൈനായി സമർപ്പിക്കുവാൻ സംവിധാനം ഏർപ്പെടുത്തുകയും ചെയ്യും.
- ഈസ് ഓഫ് ഡൂയിംഗ് ബിസിനസിന് സഹായകരമായി തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട രജിസ്ട്രേഷൻ, ലൈസൻസ് നടപടിക്രമങ്ങൾ ലഘൂകരിക്കും.
- തൊഴിൽ നിയമങ്ങൾ അനുസരിച്ചുള്ള പരിശോധനകൾക്ക് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ ഏകോപിപ്പിച്ച് മാന്വൽ തയ്യാറാക്കും.
- സംസ്ഥാനത്തെ ലേബർ കോടതികൾ, ഇൻഡസ്ട്രിയൽ ട്രൈബ്യൂണലുകൾ എന്നിവ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ ഡിജിറ്റൈസ് ചെയ്ത് തൊഴിലുടമകൾക്കും തൊഴിലാളികൾക്കും ലഭ്യമാക്കുവാൻ ലേബർ കമ്മീഷണറേറ്റ് ആട്ടോമേഷൻ സിസ്റ്റത്തിൽ പ്രത്യേക മൊഡ്യൂൾ തയ്യാറാക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യും.




# സ്ത്രീസൗഹൃദ തൊഴിലിടങ്ങൾ

- തൊഴിലിടങ്ങളിൽ ലിംഗസമത്വം നടപ്പാക്കുന്നതിനും സ്ത്രീ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഉതകുന്ന നടപടികൾ കൈക്കൊള്ളും.
- വിവിധ തൊഴിൽ നിയമങ്ങൾ അനുസരിച്ച് സ്ത്രീതൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ഉറപ്പുവരുത്താൻ ശക്തമായി ഇടപെടും.
- നിയമപ്രകാരം പ്രസവാനുകൂല്യങ്ങളും തൊഴിലിടങ്ങളിൽ കുഞ്ഞുങ്ങൾക്ക് മുലയൂട്ടാനുള്ള സൗകര്യങ്ങളും ഉറപ്പുവരുത്തും.
- മെറ്റേണിറ്റി ബെനഫിറ്റ് ആക്ട് ബാധകമല്ലാത്ത അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് നൽകിവരുന്ന പ്രസവാനുകൂല്യം കാലോചിതമായി വർദ്ധിപ്പിക്കും.
- സ്ത്രീ തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങൾക്ക് "ക്രഷ് സെസ്" നടപ്പിൽ വരുത്തുകയും സാമൂഹ്യനീതി വകുപ്പുമായി സഹകരിച്ച് സാദ്ധ്യമാകുന്ന കേന്ദ്രങ്ങളിൽ ക്രഷ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്യും. ഇവയുടെ

കാലോചിതമായ പരിപാലനത്തിന് സംവിധാനങ്ങൾ നിർബന്ധമാക്കും.

- വ്യാപാര വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തന സ്വഭാവത്തിനനുസരിച്ച് സ്ത്രീ തൊഴിലാളികൾക്ക് മതിയായ യാത്രാ താമസ സൗകര്യങ്ങൾ ഒരുക്കുന്നതിനും അധിക സമയ വേതനവും ആഴ്ച അവധി, വിശ്രമ ഇടവേള, എന്നിവ ഉറപ്പാക്കുന്നതിനും ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടാകും.
- വിവിധ സ്ഥാപനങ്ങളിലെ പരാതി പരിഹാര സമിതികൾ കൃത്യമായി പുന:സംഘടിപ്പിക്കുകയും പ്രവർത്തനങ്ങൾ അവലോകനം നടത്തുകയും ചെയ്യും.
- തൊഴിൽ നിയമം അനുശാസിക്കുന്ന വിധം തൊഴിലിടങ്ങളിൽ ശുചിമുറികളും വിശ്രമമുറികളും നിർബന്ധമാക്കും.
- തൊഴിലാളികൾക്ക് തൊഴിലിടങ്ങളിൽ ഇരിപ്പിട സൗകര്യം നിർബന്ധമാക്കും.



## ബാലവേല നിർമ്മാർജ്ജനം

- സംസ്ഥാനത്ത് ബാലവേല നിർമ്മാർജ്ജനത്തിനും ബാല തൊഴിലാളി പുന:രധിവാസത്തിനും സമഗ്രസംവിധാനം ഒരുക്കും. ഇതിലൂടെ സംസ്ഥാനത്തെ ബാലവേല വിമുക്ത സംസ്ഥാന മാക്കി മാറ്റും.
- ബാലവേല നിർമ്മാർജ്ജനം ചെയ്യുന്നതിനായി ജില്ലാ ഭരണ സംവിധാനത്തിന്റെയും വിവിധ വകുപ്പുകളുടേയും സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ ആക്ഷൻ പ്ലാൻ തയ്യാറാക്കി പരിശോധനയും, ബോധവത്ക്കരണ പരിപാടികളും നടപ്പിലാക്കും.
- എൻഫോഴ്സ്മെന്റ് സംബന്ധമായ ചുമതല തൊഴിൽ വകുപ്പിന്റെയും നിവാരണ പുനരധിവാസ ചുമതലകൾ സാമൂഹ്യനീതി വകുപ്പിന്റെയും സഹകരണത്തോടെ നടപ്പിലാക്കുന്നതിനുള്ള സംവിധാനം കൊണ്ടുവരുകയും മറ്റ് വകുപ്പുകളുടെ സഹകരണം ഉറപ്പാക്കുകയും ചെയ്യും.
- ആധുനിക വിവരസാങ്കേതിക സംവിധാനങ്ങൾ വഴി തൊഴിലുടമ- തൊഴിലാളി സംഘടനകളുടെ സഹകരണത്തോടെ ബാലവേലയ്ക്കെതിരെയുള്ള പ്രചരണ പരിപാടികൾ വ്യാപകമായി സംഘടിപ്പിക്കും.

# മിനിമം വേതനം

- മിനിമം വേതനനിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുന്ന എല്ലാ വിഭാഗം തൊഴിലാളികൾക്കും മിനിമം വേതനം ഉറപ്പു വരുത്തും.
- ജീവിത സാഹചര്യങ്ങൾക്കനുസരിച്ച് മിനിമം വേതനം ഉയർത്തി നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.
- സംസ്ഥാനത്തെ എല്ലാ പ്രധാന തൊഴിൽ മേഖലകളിലും മിനിമം വേതനം നിശ്ചയിക്കുകയും സമയബന്ധിതമായി പരിഷ്ക്കരിക്കുകയും ചെയ്യും.
- മിനിമം വേതനം നിലവിലില്ലാത്ത എല്ലാ തൊഴിൽ മേഖലകളിലും ഏറ്റവും കുറഞ്ഞ നിരക്കെങ്കിലും ഉറപ്പുവരുത്തുന്നതിന് കേവല വേതന നിയമം കൊണ്ടുവരും.
- കൂടുതൽ മെച്ചപ്പെട്ട വേതനം ഉറപ്പുവരുത്തുവാൻ സാധ്യതയുള്ള മേഖലകളിൽ ന്യായ വേതനം (Fair wage) നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കും.
- സ്കൂൾ പാചക തൊഴിലാളികൾക്ക് അവരുടെ ജോലിസ്ഥിരത ഉറപ്പുവരുത്തി മിനിമം വേതനം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കും.
- വിവിധ മേഖലകളിലെ തൊഴിൽ സാഹചര്യവും വേതന വ്യവസ്ഥയും



- പരസ്പരബന്ധമുള്ള മേഖലകളിലെ മിനിമം വേതന വിജ്ഞാപനങ്ങൾ സംയോജിപ്പിക്കുവാനുള്ള സാധ്യതകൾ ആരായും.


പരിശോധിച്ച് തൊഴിലാളികളുടെ ഏറ്റവും കുറഞ്ഞ വേതനം 600 രൂപയായി നിശ്ചയിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കും.

# ഭരണസംവിധാനം

- കാലാനുസൃതമായ മാറ്റങ്ങളുടെ അടിസ്ഥാനത്തിൽ തൊഴിൽ വകുപ്പിന്റെ ഭരണസംവിധാനം പുന:സംഘടിപ്പിക്കുകയും ശാക്തീകരിക്കുകയും ചെയ്യും.
- വിവിധ കാര്യാലയങ്ങളിലെ സ്റ്റാഫ് പാറ്റേൺ കാലോചിതമായി പുനർനിർണ്ണയി ക്കും.



- തൊഴിൽ വകുപ്പിൽ നിലവിലുള്ള ഏകജാലക വിവരദായക സംവിധാനം വഴി വിവിധ ക്ഷേമ ബോർഡുകൾ, അനുബന്ധ സ്ഥാപനങ്ങൾ തുടങ്ങിയവയെക്കുറിച്ചു ള്ള എല്ലാവിവരങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാക്കും.
- തൊഴിൽഭവനിലെ കാൾസെന്റർ മുഖേന സ്വീകരിക്കുന്ന പരാതികളിൽ നിശ്ചിത സമയപരിധി ക്കുള്ളിൽ തീർപ്പ് കൽപിക്കുന്ന ഉദ്യോഗസ്ഥർക്ക് അർഹമായ പാരിതോഷികം നൽകും.
- ട്രേഡ് യൂണിയൻ നിയമപ്രകാരമുള്ള എല്ലാ സേവനങ്ങളും ഓൺലൈൻ മുഖേന ആക്കും. രജിസ്ട്രേഷന് അപേക്ഷ സമർപ്പിച്ച് 30 ദിവസത്തിനുള്ളിൽ നടപടികൾ പൂർത്തിയാക്കി രജിസ്ട്രേഷൻ നൽകുന്നതിന് നടപടി എടുക്കും.
- ഹൈക്കോടതിയിൽ തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കേസുകളുടെ തീർപ്പ് വേഗത്തിലാക്കാൻ തൊഴിൽ വകുപ്പിന്റെ എറണാകുളത്തെ ലെയ്സൺ ഓഫീസിന്റെ സൗകര്യങ്ങൾ ശക്തിപ്പെടുത്തും.
- തൊഴിൽ വകുപ്പിന് കീഴിലുള്ള ഓഫീസുകൾ കൂടുതൽ തൊഴിലാളി സൗഹൃദമാക്കുന്നതിനുള്ള നടപടി സ്വീകരിക്കും.




# തൊഴിൽനിയമ ഭേദഗതി

- സംസ്ഥാനത്തെ മാറിയ സാഹചര്യങ്ങൾക്കനുസൃതമായി തൊഴിൽ നിയമങ്ങളിലും ചട്ടങ്ങളിലും ഉചിതമായ ഭേദഗതികൾ കൊണ്ടുവരും.
- മിനിമം വേതന നിയമം, പേയ്മെന്റ് ഓഫ് വേജസ് ആക്ട് എന്നിവയിലെ ക്ലെയിം അധികാരിയെ നിശ്ചയിക്കുവാനുള്ള ഭേദഗതികൾ നടപ്പിലാക്കും.
- വേതന കുടിശ്ശിക തൊഴിലുടമയിൽ നിന്ന് ഈടാക്കുവാൻ റവന്യൂ റിക്കവറി വ്യവസ്ഥ കൊണ്ടുവരും.
- നിലവിൽ തൊഴിൽ നിയമ പരിരക്ഷ ലഭിക്കാത്ത അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്കായി വിദ്യാഭ്യാസവകുപ്പുമായി കൂടിയാലോചിച്ച് സേവന-വേതന ക്രമീകരണ നിയമം കൊണ്ടുവരും.
- ഒരു തൊഴിലാളിയെങ്കിലും ജോലി ചെയ്യുന്ന തൊഴിൽ സ്ഥാപനങ്ങളിൽ 4 ദേശീയ അവധികളും പൊതു തെരഞ്ഞെടുപ്പുകളിൽ സമ്മതിദാനാവകാശം വിനിയോഗിക്കുന്നതിനുള്ള അവധിയും ലഭ്യമാകുംവിധം കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ്സ് (നാഷണൽ & ഫെസ്റ്റിവൽ ഹോളിഡേയ്സ്) ആക്ട് ഭേദഗതി ചെയ്യും.
- പെൻഷൻ പദ്ധതികൾ നിലവിലില്ലാത്ത തൊഴിൽ മേഖലകളിൽ കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തും.



# ക്ഷേമനിധി ബോർഡുകൾ

- സമാന സ്വഭാവമുള്ള തൊഴിലാളി ക്ഷേമനിധി ബോർഡുകളെ അംഗത്വത്തിന്റെയും സാമ്പത്തികസ്ഥിതിയുടെയും അടിസ്ഥാനത്തിൽ സംയോജിപ്പിച്ച് ശാക്തീകരിക്കും. ക്ഷേമനിധി ബോർഡുകളുടെ ഭരണച്ചെലവ് കുറച്ച് ആരോഗ്യം, പാർപ്പിടം, തുടങ്ങിയ പുതിയ മേഖലകളിൽ മെച്ചപ്പെട്ട ആനുകൂല്യങ്ങൾ ഉറപ്പുവരുത്തുന്നവിധത്തിൽ ക്ഷേമപദ്ധതികൾ പരിഷ്കരിക്കും.
- ക്ഷേമനിധി ബോർഡുകളിലെ വിവരശേഖരം സമ്പൂർണ്ണമായി ഡിജിറ്റൈസ് ചെയ്ത് അംഗങ്ങൾക്ക് യൂണീക് ഐഡി കാർഡുകൾ വിതരണം ചെയ്യും.
- ദ്വയാംഗത്വവും, വ്യാജഅംഗത്വവും ഒഴിവാക്കി തൊഴിലാളികൾക്ക് അവരുടെ തൊഴിൽ മേഖല മാറുന്നതിന് അനുസരിച്ച് അംഗത്വം മാറുന്നതിനുള്ള സംവിധാനം ഒരുക്കും.
- വിവിധ ക്ഷേമനിധി പദ്ധതികളിലെ അംശാദായം അടക്കുന്നതിനും ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനും ഏകജാലക സംവിധാനം ഏർപ്പെടുത്തും.
- ക്ഷേമനിധി ബോർഡുകളിലേയ്ക്കുള്ള അംശദായം വർദ്ധിപ്പിക്കുന്നതിന് ബന്ധപ്പെട്ട ഗുണഭോക്താക്കളുമായി ചർച്ച ചെയ്ത് നടപടി സ്വീകരിക്കും.

# അതിഥി തൊഴിലാളികൾ

- ഇതരസംസ്ഥാന തൊഴിലാളികളുടെ (അതിഥി തൊഴിലാളികൾ) ആരോഗ്യം, സുരക്ഷ, ക്ഷേമം എന്നിവ ഉറപ്പുവരുത്തുവാനും തൊഴിലാളികളുടെ വിവര ശേഖരണത്തിനുമായി ശക്തമായ ഇടപെടൽ നടത്തും.
- സംസ്ഥാനത്ത് വിവിധ തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്ന അതിഥി തൊഴിലാളികൾക്കായി നടപ്പാക്കിയ ആവാസ് ആരോഗ്യ ഇൻഷുറൻസ് പദ്ധതി രജിസ്ട്രേഷൻ നടപടികൾ ഊർജ്ജിതമാക്കും. അതുവഴി ഇവരുടെ വിവരശേഖരണം നടത്തി തിരിച്ചറിയൽ കാർഡ് നൽകും.
- വിവിധ പ്രദേശങ്ങളിൽ തൊഴിലെടുക്കുന്ന അതിഥി തൊഴിലാളികളുടെ എണ്ണം ഭാഷാടിസ്ഥാനത്തിൽ ശേഖരിക്കും. ഇവരുമായി ആശയവിനിമയം നടത്തുന്നതിന് ഭാഷാ പരിജ്ഞാനമുള്ള വോളണ്ടിയർമാരെ നിയമിക്കും. ഈ വോളണ്ടിയർമാർ അതിഥി തൊഴിലാളികളെ പ്രത്യേകം സന്ദർശിച്ച് ആശയ വിനിമയം നടത്തുന്ന പദ്ധതിക്ക് രൂപം നൽകും.
- കേരളത്തിൽ തൊഴിൽ തേടിയെത്തുന്ന അതിഥി തൊഴിലാളികൾക്ക് അവരുടെ അവകാശങ്ങളെക്കുറിച്ചും വിവിധ ക്ഷേമപദ്ധതികളെ ക്കുറിച്ചും റെയിൽ-റോഡ് ഗതാഗത സൗകര്യങ്ങളെ സംബന്ധിച്ചും സർക്കാർ സേവനങ്ങളെ സംബന്ധിച്ചുമുള്ള വിവരങ്ങൾ നൽകുന്നതിനായി സംസ്ഥാനത്ത് വിവിധ കേന്ദ്രങ്ങളിൽ ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കും. ഫെസിലിറ്റേഷൻ സെന്ററുകൾ തൊഴിലാളികളുടെ തൊഴിൽ സംബന്ധമായ പരാതികൾ പരിഗണിക്കും.
- അതിഥി തൊഴിലാളികൾക്ക് വൃത്തിയുള്ള വാസയോഗ്യമായ താമസസൗകര്യം നൽകുന്നതിനായി ആരംഭിച്ച അപ്നാ ഘർ പദ്ധതി സംസ്ഥാനത്ത് വ്യാപിപ്പിക്കും.
- രജിസ്റ്റർ ചെയ്യാത്ത തൊഴിലാളികളെ കണ്ടെത്താനും അവരെ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യാനുമുള്ള സംവിധാനം മൊബൈൽ ആപ്ലിക്കേഷന്റെ സഹായത്തോടെ നടപ്പിലാക്കും.
- ലഹരിവസ്തുക്കളുടെ ഉപയോഗത്തിനെതിരെ തൊഴിലാളിക ളുടെ ഇടയിൽ ബോധവത്ക്കരണ പരിപാടികൾ നടപ്പിലാക്കും.





# പ്ലാന്റേഷൻ മേഖല

- പ്ലാന്റേഷൻ മേഖലയിലെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും മേഖലക്ക് പുത്തനുണർവ്വ് സൃഷ്ടിക്കുന്നതിനും പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കും.
- പ്ലാന്റേഷൻ റിലീഫ് ഫണ്ടിന്റെ വിനിയോഗം കാര്യക്ഷമമാക്കും.
- പ്ലാന്റേഷൻ തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ സൗകര്യം, ഗാർഡൻ ഹോസ്പിറ്റൽ, ഗ്രൂപ്പ് ഹോസ്പിറ്റൽ എന്നിവയുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള കർമ്മ പദ്ധതി ബന്ധപ്പെട്ടവരുമായി കൂടിയാലോചിച്ച് നടപ്പിലാക്കും.
- തോട്ടങ്ങളിലെ ലയങ്ങൾ നവീകരിച്ച് വാസയോഗ്യമാക്കുന്നതിനുള്ള ശ്രമം നടത്തും.
- പ്ലാന്റേഷൻ തൊഴിലാളി കുടുംബങ്ങൾക്ക് സമഗ്ര ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ ഉറപ്പുവരുത്തും.
- ഭവനരഹിതരായ പ്ലാന്റേഷൻ തൊഴിലാളികൾക്ക് സ്വന്തം വീട് പദ്ധതി നടപ്പിലാക്കും.
- തോട്ടം തൊഴിലാളികളുടെ കൂലിയും മറ്റാനുകൂല്യങ്ങളും മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കും.
- പുനലൂരിലെ റീഹാബിലിറ്റേഷൻ പ്ലാന്റേഷനിലെ തൊഴിലാളികളുടെ ജീവിത സൗകര്യം മെച്ചപ്പെടുത്തും.

# പരമ്പരാഗത തൊഴിൽ മേഖല

- പരമ്പരാഗത മേഖലയിൽ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ ആരായുകയും ഇതരവകുപ്പുകളുടെ കൂടി സഹകരണത്തോടെ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യും.
- പരമ്പരാഗത വ്യവസായങ്ങളുടെ നിലനിൽപ്പിനും പീഢിത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനും വ്യവസായ വകുപ്പുമായി ചേർന്ന് കർമ്മപദ്ധതി നടപ്പിലാക്കും.
- ഇൻകം സപ്പോർട്ട് സ്കീം പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്കായി പരിഷ്ക്കരിച്ച് നടപ്പിലാക്കും.
- സാങ്കേതിക വിദ്യയുടെയും ഉൽപാദന പ്രക്രിയയുടെയും മാറ്റങ്ങൾക്കനുസൃതമായി പരമ്പരാഗത തൊഴിൽ മേഖല നവീകരിച്ച് ഉൽപാദന ക്ഷമത വർദ്ധിപ്പിക്കും.



# തൊഴിലാളി ശ്രേഷ്ഠ അവാർഡ്

ഉൽപാദന ക്ഷമതയും പ്രൊഫഷണലിസവും പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ തൊഴിൽ മേഖലകളിൽ മികവ് പുലർത്തുന്നവർക്കായി തൊഴിലാളി ശ്രേഷ്ഠ അവാർഡ് ഏർപ്പെടുത്തും.



# ഒഡെപെക്

## ഓവർസീസ് ഡെവലപ്മെന്റ് & എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്

- തൊഴിൽ നൈപുണ്യം നേടുന്നവർക്ക് വിദേശരാജ്യങ്ങളിൽ തൊഴിൽ കണ്ടെത്തുന്നതിന് ഒഡെപെക് വഴി ഏകജാലകസംവിധാനം രൂപപ്പെടുത്തും.
- ഒഡെപെകിന്റെ ട്രാവൽ ഡിവിഷൻ വിവിധ ഏവിയേഷൻ ഗ്രൂപ്പുകളുമായി ചേർന്ന് ശക്തിപ്പെടുത്തും. ഇതിനായി ഓൺലൈൻ പോർട്ടൽ സംവിധാനം ഒരുക്കും.
- വിദേശ തൊഴിൽ റിക്രൂട്ട്മെന്റ് സാദ്ധ്യത ശക്തിപ്പെടുത്തും.
- സംസ്ഥാനത്തിന്റെ മാനവ വിഭവശേഷിയെക്കുറിച്ച് വിശദീകരിക്കുന്നതിനും തൊഴിൽ അവസരം കണ്ടെത്തുന്നതിനുമായി കൂടുതൽ തൊഴിൽ സാധ്യതയുള്ള രാജ്യങ്ങളിലെ തൊഴിൽദാതാക്കളുമായി ഉന്നതതല ചർച്ചകൾ സംഘടിപ്പിക്കും.
- വിവിധ രാജ്യങ്ങളിലേക്ക് റിക്രൂട്ട്മെന്റ് നടത്തുന്ന സ്വകാര്യ ഏജൻസികളുടെ മേൽനോട്ടത്തിനും ഏകോപനത്തിനുമായി പ്രത്യേക സംവിധാനവും ഓൺലൈൻ പോർട്ടലും ആരംഭിക്കും.
- വിദേശ തൊഴിലന്വേഷകർക്ക് ഓൺലൈനായി ഒറ്റത്തവണ രജിസ്ട്രേഷൻ സംവിധാനം ഒരുക്കും. ബന്ധപ്പെട്ട വിവരങ്ങൾ എസ്.എം.എസ് ആയും വാട്സ്ആപ്പ് ആയും അറിയിക്കുവാൻ സംവിധാനം ഒരുക്കും.
- ട്രെയിനിംഗ് പ്രോഗ്രാമുകളുടെ ഭാഗമായി IELTS (International English Language Testing System) പോലുള്ള കോഴ്സുകൾ കിറ്റ്സുമായി ചേർന്ന് നടത്താനുള്ള പദ്ധതികൾ ആവിഷ്കരിക്കും.
- വിവിധ രാജ്യങ്ങളുടെ എംബസികളുമായി ബന്ധപ്പെട്ട് ഒഡെപെകിന്റെ പ്രവർത്തനം വ്യാപിപ്പിക്കും.
- അയാട്ട അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ട്രാവൽ ഡിവിഷന്റെ വിപുലീകരണത്തിന്റെ ഭാഗമായി കിറ്റ്സുമായി (Kerala Institute of Tourism and Travel Studies) ചേർന്ന് 24 മണിക്കൂറും പ്രവർത്തനം ലഭ്യമാക്കും. ടൂർ പാക്കേജുകൾ/ എൽ.റ്റി.സി. പാക്കേജുകൾ തുടങ്ങാനുള്ള നടപടികൾ

# കിലെ

## കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ & എംപ്ലോയ്മെന്റ്



- കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ & എംപ്ലോയ്മെന്റിനെ ദേശീയ നിലവാരമുള്ള പഠന പരിശീലന ഗവേഷണ സ്ഥാപനമായി ഉയർത്തുന്നതിന് സാധ്യമായ എല്ലാ ശ്രമവും നടത്തും.
- വിവിധ തൊഴിൽ മേഖലകളിലെ  തൊഴിലാളികൾക്കും തൊഴിലാളി പ്രതിനിധികൾക്കും യൂണിയൻ പ്രവർത്തകർക്കും തൊഴിൽ മേഖലയെയും, നിയമങ്ങളെയും കുറിച്ച് അവബോധം സൃഷ്ടിക്കാൻ  പരിശീലന പരിപാടികൾ സംഘടിപ്പിക്കും.
- കിലെ ന്യൂസ് എന്ന ഇംഗ്ലീഷിലുള്ള ത്രൈമാസിക, തൊഴിൽ നിയമങ്ങൾ സാധാരണക്കാർക്ക് അനായാസം മനസ്സിലാക്കാവുന്ന തരത്തിൽ തയാറാക്കുന്ന മലയാള കൈപുസ്തകങ്ങൾ, സംസ്ഥാനത്ത് നിലവിലുള്ള തൊഴിൽ നിയമങ്ങൾ ക്രോഡീകരിച്ച് തയ്യാറാക്കുന്ന പുസ്തകം  (മാനുവൽ ഓഫ് ലേബർ ലോ) എന്നിവ പ്രസിദ്ധീകരിക്കുന്നതിന് നടപടി  സ്വീകരിക്കും.
- കേരള പബ്ലിക് സർവ്വീസ്  കമ്മീഷൻ നടത്തുന്ന മത്സരപരീക്ഷകൾ എഴുതുന്നതിന് തൊഴിലാളികളുടെ ആശ്രിതർക്ക് ഒരാഴ്ചത്തെ  പരിശീലനം നൽകും.
- തൊഴിൽ സൗഹൃദ അന്തരീക്ഷം ഉറപ്പാക്കുന്നതിന്റെ ഭാഗമായി തൊഴിലാളികൾക്കിടയിലെ ലഹരി ഉപഭോഗം ഇല്ലായ്മ ചെയ്യുന്നതിനാവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.
- വിവിധ തൊഴിൽ മേഖലകളിലെ സ്ത്രീതൊഴിലാളികളുടെ സാന്നിദ്ധ്യം സംബന്ധിച്ച് പഠനം നടത്തും.
- റോഡപകടങ്ങൾ, പ്രകൃതി ദുരന്തം തുടങ്ങിയ സാഹചര്യങ്ങളെ നേരിടുന്നതിനും അപകടത്തിനിരയാകുന്നവർക്ക് പ്രഥമ ശുശ്രൂഷ നൽകുന്നതിനും തൊഴിലാളികൾക്ക് ശാസ്ത്രീയ പരിശീലനം നൽകും.



# ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്

- സംസ്ഥാനത്തെ എല്ലാ റവന്യു വില്ലേജുകളിലേയും തൊഴിലാളികൾക്ക് പരിരക്ഷ ലഭിക്കുംവിധം സംസ്ഥാന വ്യാപകമായി ഇ.എസ്.ഐ. സ്കീം നടപ്പിലാക്കും.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിയമിക്കപ്പെട്ടിട്ടുള്ള കരാർ തൊഴിലാളികളടക്കം കൂടുതൽ മേഖലകളിലെ തൊഴിലാളികളെ ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കും.
- ഇ.എസ്.ഐ. ഡിസ്പെൻസറി/ ആശുപത്രി കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ നടത്തി നവീകരിക്കും.
- വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ഇ. എസ്. ഐ. കോർപ്പറേഷന്റെ സഹകരണത്തോടെ സ്വന്തം കെട്ടിടം ലഭ്യമാക്കും.
- ഇ.എസ്.ഐ. സ്കീമിൽ ഉൾപ്പെടാനുള്ള പരമാവധി ശമ്പള പരിധി 25,000 രൂപയാക്കി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കും.
- തൊഴിലാളികളുടെ ആശ്രിതരായ മാതാപിതാക്കൾക്ക് ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കുന്നതിനുള്ള വരുമാന പരിധി വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കും.
- സംസ്ഥാനത്ത് ഇ.എസ്.ഐ. ഡിസ്പെൻസറികൾ നിലവിലില്ലാത്ത ഇടങ്ങളിൽ പുതിയവ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കും.
- സംസ്ഥാനത്തെ 9 ഇ.എസ്.ഐ. ആശുപത്രികൾക്ക് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. കോഴിക്കോട് ജില്ലയിലെ ഫറോക്ക്, കണ്ണൂർ ജില്ലയിലെ തോട്ടട എന്നിവിടങ്ങളിലെ ഇ.എസ്.ഐ. ആശുപത്രികൾ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളാക്കി മാറ്റും.


RICT EMPLOYMENT EXCHANGE
KOLLAM
NATIONAL EMPLOYMENT SERVICE
TRAINING PLACEMENT
LOYABILITY CENTRE
Employment Department
Department of Labour & Rehabilitation
Government of Kerala


DISTRICT EMPLOYMENT EXCHANGE AND EMPLOYABILITY CENTRE



# നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ്

- സർക്കാർ/അർദ്ധ സർക്കാർ, സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തേണ്ടുന്ന നിയമനങ്ങൾ ഉറപ്പാക്കുന്നതിനായി നിയമനിർമ്മാണം നടത്തുന്നതിനാവശ്യമായ നടപടികൾ ആരംഭിക്കും.
- ഭിന്നശേഷിക്കാരായ തൊഴിൽരഹിതർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനും വിവിധ മത്സരപരീക്ഷകൾക്ക് സൗജന്യ പരിശീലനവും തൊഴിൽ മാർഗ്ഗനിർദ്ദേശവും നൽകുന്നതിനുമായി ആരംഭിച്ച കൈവല്യ തൊഴിൽ പുനരധിവാസപദ്ധതി വിപുലീകരിക്കും.
- എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സേവനങ്ങൾ നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ നവീകരിക്കും.
- സംസ്ഥാനത്തെ എല്ലാ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും എംപ്ലോയബിലിറ്റി സെന്ററുകൾ രൂപീകരിച്ച് ശക്തിപ്പെടുത്തും.
- എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾക്ക് സ്കിൽ അസ്സെസ്മെന്റ്, സൈക്കോമെട്രിക് അനാലിസിസ്, കൗൺസിലിംഗ് എന്നിവ മുഖേന സ്കിൽ ഗ്യാപ്പ് അസ്സെസ്മെന്റ് നടത്തി ആവശ്യമുള്ളവർക്ക് സോഫ്റ്റ്സ്കിൽ പരിശീലനം, കമ്പ്യൂട്ടർ പരിശീലനം എന്നിവ നൽകി തൊഴിൽ നേടുന്നതിന് പ്രാപ്തരാക്കും. ഭൂമിശാസ്ത്രപരമായ പരിമിതിമൂലം എംപ്ലോയബിലിറ്റി സെന്ററുകളുടെ സേവനം ലഭിക്കാതിരുന്നവർക്ക് സഹായകരമാകുംവിധം, പട്ടികവർഗ്ഗ/പട്ടികജാതി വിഭാഗങ്ങൾ കൂടുതലായി അധിവസിക്കുന്ന പ്രദേശങ്ങളിലും വിദൂര ഗ്രാമീണ മേഖലകളിലും, എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിപ്പിക്കുന്നതിന് പരിഗണന നൽകും.
- ഇന്ത്യയിലും വിദേശത്തുമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പരിശീലന കേന്ദ്രങ്ങൾ, തൊഴിലവസരങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനായി ജോബ് പോർട്ടൽ ആരംഭിക്കും. എൻ.സി.എസ് പോർട്ടലിന്റെ സേവനംകൂടി ലഭ്യമാക്കുന്നതും അതുവഴി തൊഴിൽരഹിതർക്ക് അനുയോജ്യമായ തൊഴിൽ കണ്ടെത്തുന്നതിനാവശ്യമായ എല്ലാ വിവരങ്ങളും പ്രദാനം ചെയ്യുന്നതുമാണ്.
- കേരളത്തിലെ വിവിധ സർവ്വകലാശാലകളിൽ പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോകളോടനുബന്ധിച്ച് മോഡൽ കരിയർ സെന്ററുകൾ തുടങ്ങും. പ്രധാന സർക്കാർ കോളേജുകളിലെ പ്ലെയിസ്മെന്റ് സെല്ലുകളുമായി സഹകരിച്ച് അവരുടെ ഭൗതിക സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി എല്ലാ ജില്ലകളിലും കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ ആരംഭിക്കും.
- തൊഴിൽ വിവരങ്ങൾ നൽകുന്നതിനും എംപ്ലോയ്മെന്റ് വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുമായി ഓൺലൈൻ/ഓഫ്ലൈൻ ബുള്ളറ്റിൻ ആരംഭിക്കും
- ഇന്ത്യയിലും വിദേശത്തും ഭാവിയിൽ ആവശ്യമായി വരുന്ന മാനവവിഭവശേഷി മുൻകൂട്ടി കണ്ടെത്തുന്നതിനായി KASEമായി സഹകരിച്ച് ഗവേഷണ വികസന വിഭാഗം ആരംഭിക്കും. ഈ കേന്ദ്രം മാനവവിഭവശേഷിയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും ശേഖരിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കും, സർക്കാരിനും, തൊഴിൽ രഹിതർക്കും പ്രദാനം ചെയ്യും.
- പട്ടികജാതി വികസന വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, പട്ടികജാതി- പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, ITDP (Intergrated Tribal Development Projects) എന്നിവയുമായി സഹകരിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ഔട്ട്റീച്ച് പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കും. പ്രധാന കേന്ദ്രങ്ങളിൽ നിന്നും വിദൂരവും ഒറ്റപ്പെട്ടതുമായ, പ്രത്യേകിച്ച് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ കൂടുതലായി അധിവസിക്കുന്ന, മേഖലകളിൽ നൈപുണ്യ വികസനത്തിന് ഊന്നൽ നൽകി തൊഴിൽ മാർഗ്ഗനിർദ്ദേശക പ്രവർത്തനങ്ങളും സ്വയംതൊഴിൽ പദ്ധതികളും ഊർജ്ജിതപ്പെടുത്തും.
- സ്വയംതൊഴിൽ പദ്ധതികൾ ആരംഭിക്കുന്നതിന് തൊഴിൽ രഹിതരെ പ്രാപ്തരാക്കുന്നതിനായി സംരംഭകത്വ വികസന പരിശീലന പരിപാടി ആരംഭിക്കുകയും അതുവഴി സംസ്ഥാനത്ത് സംരംഭകത്വ സംസ്കാരം പ്രചരിപ്പിക്കുകയും ചെയ്യും.
- സർക്കാർ / അർദ്ധ സർക്കാർ മേഖലയിലെ താൽകാലിക നിയമനങ്ങൾ നടത്തുന്ന സ്ഥാപനം എന്ന നിലയിൽ നിന്നുമാറി സ്വകാര്യ മേഖലയിലും കൃഷി ഉൾപ്പെടെ ഗ്രാമീണ മേഖലയിലും ആവശ്യമുള്ള തൊഴിലാളികളെ ലഭ്യമാക്കുന്ന തരത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം പുനഃക്രമീകരിക്കും.
- എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തവരുടെ പ്രൊഫൈലിംഗ് തയ്യാറാക്കും. ഏതുമേഖലകളിലെ ജോലിക്കാണ് താല്പര്യം എന്ന് വിവരശേഖരണം നടത്തും. ഇവർക്ക് അതത് മേഖലകളിലെ തൊഴിലിനാവശ്യമായ വൈദഗ്ധ്യം സ്കിൽ ഇൻഡ്യ പദ്ധതി വഴി ലഭ്യമാക്കും. ഇത്തരത്തിൽ പ്രായോഗിക പരിശീലനം നേടിയ തൊഴിലാളികളെ സ്വകാര്യ മേഖലയിലേയ്ക്ക് ലഭ്യമാക്കും.
- സ്കിൽഡ് വർക്കർ പോർട്ടൽ ഉണ്ടാക്കും. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തവർക്ക് മേൽപ്പറഞ്ഞ രീതിയിൽ പരിശീലനം നൽകി മൊബൈൽ ആപ്പ് വഴി പ്രാദേശികമായി ഇവരുടെ സേവനം ലഭ്യമാക്കാനുതകുന്ന സംവിധാനത്തിന് രൂപം കൊടുക്കും.
- എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത 50-65 പ്രായപരിധിക്കുള്ളിലുള്ള മുതിർന്ന പൗരന്മാർക്ക് നവജീവൻ എന്ന പേരിൽ സമഗ്ര തൊഴിൽ-പുനരധിവാസ പദ്ധതി ആരംഭിക്കും. മുതിർന്ന പൗരന്മാരുടെ വിജ്ഞാനവും പ്രവൃത്തിപരിചയവും സമൂഹനന്മയ്ക്കായി പ്രയോജനപ്പെടുത്തുന്നതിന് ഡാറ്റാ ബാങ്ക് രൂപീകരിക്കും.
- എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവരിൽ തൊഴിൽരഹിതരുടെ യഥാർത്ഥ എണ്ണം കണക്കാക്കുന്നതിന് വകുപ്പുതല സർവ്വേ സംഘടിപ്പിക്കും.





# ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ്

- ഇന്റർനെറ്റ് അധിഷ്ഠിത സൗകര്യങ്ങളിലൂടെ ഫാക്ടറികളിലെ അപകട സാധ്യത നിരീക്ഷിക്കുന്നതിന് സംവിധാനം ഒരുക്കും. ഫാക്ടറി പരിശോധനയുടെ ഇടവേളകളുടെ ദൈർഘ്യം കുറയ്ക്കും. ഫാക്ടറി തൊഴിലാളികളുടെ സുരക്ഷിതത്വവും ആരോഗ്യവും ഉറപ്പാക്കുന്നതിന് ഫാക്ടറി പരിശോധനാ നടപടികൾ കർശനമാക്കും.
- വ്യവസായശാലകളിലെയും തൊഴിൽ സ്ഥലത്തെയും തൊഴിൽജന്യരോഗങ്ങളുടെ കാരണം കണ്ടെത്തി അവ തടയുന്നതിനുവേണ്ടി ഫാക്ടറി നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തും.
- ഫാക്ടറികളിൽ നിലവിലുള്ളതും ഭാവിയിലുണ്ടാകാവുന്നതുമായ അപകടസാധ്യതാ ഘടകങ്ങളും സാഹചര്യവും തൊഴിൽ ജന്യരോഗങ്ങളും തടയുന്നതിന് ഗവേഷണ വികസന പരിപാടികൾ ആസൂത്രണം ചെയ്യും.
- ഫാക്ടറികളിലെ വിവിധ വിഭാഗങ്ങളിലുള്ള തൊഴിലാളികൾക്കും, സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കും അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും സുരക്ഷിതത്വ അവബോധം വർദ്ധിപ്പിക്കുന്നതിന് ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കും.

# വ്യാവസായിക പരിശീലന വകുപ്പ്

- 13-ാം പഞ്ചവൽസര പദ്ധതി അവസാനത്തോടെ 5 ലക്ഷം പേർക്ക് വിവിധ മേഖലകളിൽ തൊഴിൽ നൈപുണ്യ പരിശീലനം ലഭ്യമാക്കും.
- സംസ്ഥാനത്ത് ഐ.ടി.ഐകൾ ഇല്ലാത്ത ബ്ലോക്കുകളിൽ സാധ്യമായവയിൽ സർക്കാർ, സ്വകാര്യ മേഖലയിൽ ഐ.ടി.ഐ കൾ തുടങ്ങുന്നതിനു നടപടികൾ സ്വീകരിക്കും.
- ഐ.ടി.ഐ കളിലെ കാലഹരണപ്പെട്ട ട്രേഡുകൾ നിർത്തലാക്കി ആഗോളതലത്തിലെ ആവശ്യകത കണ്ടറിഞ്ഞ് പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിന് പ്രത്യേക പഠനം നടത്തി നടപടി സ്വീകരിക്കും.
- പട്ടികജാതി / പട്ടികവർഗ്ഗത്തിൽപ്പെട്ട പരിശീലനാർത്ഥികൾ കൂടുതലായുള്ള ഐ.ടി.ഐകളിൽ മാത്രം നൽകിവരുന്ന ഉച്ചഭക്ഷണപരിപാടി എല്ലാ ഐ.ടി.ഐകളിലേയ്ക്കും ഘട്ടംഘട്ടമായി വ്യാപിപ്പിക്കും.
- ഇൻഡസ്ട്രി - ഇൻസ്റ്റിറ്റ്യൂട്ട് സഹകരണം വിപുലീകരിക്കും.
- സംസ്ഥാനത്തെ എല്ലാ ഐ.ടി.ഐകളിലും അന്തർദേശീയ നിലവാരത്തിലുള്ള സ്മാർട്ട് ക്ലാസ്സ്റൂം, വിർച്ച്വൽ ക്ലാസ്സ്റൂം, പുതിയ സാങ്കേതിക വിദ്യയ്ക്കനുസരിച്ചുള്ള പഠന രീതികൾ എന്നിവ കൊണ്ടുവരും.
- ദേശീയ, അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഐ.ടി.ഐകളെ ഉയർത്തുവാനുള്ള പരിപാടികൾ നടപ്പിലാക്കും.
- അപ്രന്റീസ്ഷിപ്പ് ആക്ടിന്റെ പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങളിലും അപ്രന്റീസുകളെ നിയോഗിക്കും.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെയും സംരംഭകത്വത്തിന്റെയും പ്രാധാന്യം പൊതുസമൂഹത്തിൽ പ്രത്യേകിച്ച് പരിശീലനാർത്ഥികളിൽ എത്തിക്കുന്നതിനായി സംരംഭകത്വ വികസന ക്ലബുകൾ രൂപീകരിക്കും.
- പരിശീലനാർത്ഥികളുടെ നൂതനമായ സാങ്കേതിക ആശയങ്ങൾക്കും കണ്ടെത്തലുകൾക്കും ദേശീയ-അന്തർദേശീയതലത്തിൽ മത്സരം സംഘടിപ്പിച്ച് പ്രോത്സാഹനം നൽകും.
- SCVT യിൽ തുടരുന്ന പരമാവധി ട്രേഡുകൾ NCVT യുമായി അഫിലിയേറ്റ് ചെയ്യുന്നതിന് നടപടിയെടുക്കും.
- പരമാവധി ഐ.ടി.ഐകൾക്ക് 5 വർഷത്തിനുള്ളിൽ ISO അംഗീകാരം നേടാനുള്ള നടപടികൾ സ്വീകരിക്കും.
- പഠന നിലവാരം പുലർത്തുന്ന സർക്കാർ ITIകളിലെ വിദ്യാർത്ഥികൾക്ക് വിദേശ രാജ്യങ്ങളിൽ ഉന്നത പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കും..





# KASE
## കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ്

- പുതിയതും ഉയർന്നുവരുന്നതുമായ മേഖലകളിൽ വ്യവസായസ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടുകൂടി സെന്റർ ഫോർ എക്സലൻസുകൾ (മികവിന്റെ കേന്ദ്രങ്ങൾ) സ്ഥാപിക്കും. ഇതിന്റെ സാദ്ധ്യത കണ്ടെത്തുന്നതിന് പ്രത്യേക പഠനം നടത്തും.
- നിലവിലുള്ള നഴ്സിംഗ്, സെക്യൂരിറ്റി, ഓയിൽ& റിഗ്, ടീച്ചിംഗ്, എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് എന്നീ മേഖലകൾക്കുപുറമേ പുതുതായി ബിഗ് ഡേറ്റാ അനലറ്റിക്സ്, ഇന്റർനെറ്റ് ഓഫ് തിങ്സ് (ഐ.ഒ.റ്റി), റോബോട്ടിക്സ്, ഹൈടെക് ആട്ടോമേഷൻ ആന്റ് മെക്കട്രോണിക്സ്, ഏവിയേഷൻ, ഐ.ടി.ഇ.എസ് (Information Technology Enabled Service) എന്നിവയിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കും.
- നൈപുണ്യ വികസന പദ്ധതികൾ ഏകോപിപ്പിക്കുന്നതിന് KASE-നെ സംസ്ഥാന സ്കിൽ ഡെവലപ്മെന്റ് മിഷൻ ആയി ശക്തിപ്പെടുത്തും.
- On the Job Training മൂല്യം തിരിച്ചറിയുന്നതിനായി ദേശീയ തലത്തിൽ മികച്ച നിലയിൽ പ്രവർത്തിക്കുന്ന വ്യവസായ പങ്കാളികളുമായി യോജിച്ചുകൊണ്ട് യഥാർത്ഥ തൊഴിൽ പരിസ്ഥിതിയിൽ നടപ്പിലാക്കുന്ന വ്യാവസായിക ഇന്റേൺ ഷിപ്പ് പ്രോഗ്രാം പ്രവർത്തന സജ്ജമാക്കും.
- അന്താരാഷ്ട്ര സ്കിൽ സമ്മിറ്റും, ഫിയസ്റ്റയും സംഘടിപ്പിക്കുകവഴി തൊഴിലധിഷ്ഠിതപഠനം ജനകീയവൽകരിക്കും. സെന്റേഴ്സ് ഓഫ് എക്സലൻസിനെ പ്രോത്സാഹിപ്പിക്കും. ഇതുവഴി കഴിവുകൾ പ്രകടിപ്പിക്കുന്നതിന് അവസരം നൽകുവാനും ആധുനികവും പുതുമയുള്ളതുമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുവാനും പരിശീലന ഗുണനിലവാരം ഉയർത്താനും കഴിയും.
- സംസ്ഥാന സ്കിൽ ഡെവലപ്മെന്റ് മിഷന്റെ നയങ്ങളും പദ്ധതികളും ദേശീയ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്കിൽ ഉൾപ്പെടുത്തുന്നതിന് ശ്രമം നടത്തും.
- നൈപുണ്യ പരിശീലന പഠനരീതിയും പ്രവർത്തന സമ്പ്രദായങ്ങളും സെക്ടർ സ്കിൽ കൗൺസിലുകളുടെ പങ്കാളിത്തത്തോടുകൂടി ഏകീകരിക്കും.
- സമൂഹത്തിലെ പാർശ്വവൽകൃത വിഭാഗത്തിനുവേണ്ടി സാദ്ധ്യമാകുന്ന നൈപുണ്യ വികസന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കും.
- ഐ.ടി. അധിഷ്ഠിതമായ ലേബർ മാർക്കറ്റ് ഇൻഫർമേഷൻ സിസ്റ്റം സ്ഥാപിച്ച് വൈദഗ്ധ്യമുള്ള തൊഴിൽശക്തി ലഭ്യമാക്കാൻ സ്കിൽ ഡെവലപ്മെന്റ് മിഷനിലൂടെ പദ്ധതി ആവിഷ്കരിക്കും.
- സ്ത്രീകളെ മുഖ്യധാരയിൽ എത്തിക്കാൻ ഉചിതമായ പരിശീലന മാർഗ്ഗങ്ങൾ അവലംബിച്ച് ജോലിലഭ്യത വർദ്ധിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കും.
- ജയിലിലെ തടവുകാരുടെ അഭിരുചിക്കനുസരിച്ചുള്ള മേഖലകളിൽ നൈപുണ്യ പരിശീലനം നൽകുന്നതിനായി ജയിൽ





വകുപ്പുമായി ചേർന്ന് സ്കിൽ ഡെവലപ്മെന്റ് & റിഹാബിലിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നതിന് ശ്രമം നടത്തും.

- അസുഖം ഭേദമായി മാനസികാരോഗ്യ കേന്ദ്രങ്ങളിൽ തന്നെ കഴിയുന്ന വ്യക്തികളെ കണ്ടെത്തി അവർക്കായി പ്രത്യേക തൊഴിൽ പരിശീലന പരിപാടികൾ നടപ്പാക്കും.
- KASE ന്റെ ഒരു യൂണിറ്റായ കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (കെ.എസ്.ഐ.ഡി.) ന്റെ പ്രവർത്തനം കരകൗശല കലാകാരന്മാരുടെയും പ്രൊഫഷണൽ ഡിസൈനർമാരുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെ സംസ്ഥാനത്തിന്റെ മറ്റു പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കും.
- കൊല്ലം ജില്ലയിലെ ചവറയിൽ പണിപൂർത്തീകരിച്ചു വരുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ അക്കാഡമി അന്തർദേശീയ തലത്തിലുള്ള സ്ഥാപനമാക്കി മാറ്റും.
- കെ.എസ്.ഐ.ഡി ക്യാമ്പസിൽ ഡിജിറ്റൽ ക്ലാസ് റൂം, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ഹോസ്റ്റൽ സൗകര്യം തുടങ്ങിയവ ഒരുക്കും.
- തിരുവനന്തപുരം ടെക്നോസിറ്റിയിൽ കെയ്സിന്റെ കൈവശമുള്ള 5 ഏക്കർ ഭൂമി ഉപയോഗപ്പെടുത്തി ഇന്റഗ്രേറ്റഡ് സ്കിൽ പാർക്കും വേൾഡ് സ്കിൽ ലൈസിയവും സ്ഥാപിക്കും.
- വ്യോമയാന മേഖലയിലെ സാങ്കേതിക വൈദഗ്ധ്യമുള്ള ആളുകളുടെ വർദ്ധിച്ചുവരുന്ന ആവശ്യം മുന്നിൽകണ്ട് നൈപുണ്യ വികസനത്തിനായി കിഫ്ബി-യുടെ സഹായത്തോടെ ഏവിയേഷൻ അക്കാഡമി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കും.
- സൂക്ഷ്മ- ചെറുകിട, ഇടത്തര, പരമ്പരാഗത വ്യവസായ മേഖലകളിൽ അനുഭവപ്പെടുന്ന വിദഗ്ധ അവിദഗ്ധ, തൊഴിലാളികളുടെ ദൗർലഭ്യം നികത്തുന്നതിന് വ്യവസായ പരിശീലന വകുപ്പ്, കേരള അക്കാഡമി ഓഫ് സ്കിൽസ് എക്സലൻസ്, എംപ്ലോയബിലിറ്റി സെന്ററുകൾ എന്നിവയുമായി ചേർന്ന് ലേബർ ബാങ്ക് വികസിപ്പിക്കും.



ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ, ചവറ, കൊല്ലം







# ഉപസംഹാരം

എല്ലാ വിഭാഗം തൊഴിലാളികൾക്കും തൊഴിൽ സുരക്ഷയും മാന്യമായ വേതനവും സാമൂഹ്യസുരക്ഷയും ഉറപ്പാക്കുകയാണ് തൊഴിൽ നയത്തിന്റെ മുഖ്യലക്ഷ്യം. ഉൽപാദക പ്രക്രിയയിലും, തൊഴിൽ നൈപുണ്യ പ്രക്രിയയിലും മാറ്റങ്ങൾ വരേണ്ടതുണ്ട്. നീതിയുക്തവും സുദൃഢവും സൗഹാർദ്ദപരവുമായ തൊഴിൽ ബന്ധങ്ങളാണ് ഇത്തരം മാറ്റങ്ങളുടെ അടിത്തറ. അസംഘടിത മേഖലയിലെ ചൂഷണ പ്രവണതകൾക്ക് വിരാമമിടണം. സാധ്യതകളും അവസരങ്ങളും സംയോജിപ്പിച്ച് കേരളത്തെ തൊഴിൽ സംരംഭക-സൗഹൃദ സംസ്ഥാനമാക്കി വികസന പാതയിൽ ഒരുമിച്ച് മുന്നേറാം.





# ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ

# തൊഴിൽ നയം

സ.ഉ.(കൈ) നം.27/2018/തൊഴിൽ തീയതി, തിരുവനന്തപുരം 18/05/2018

കേരള സർക്കാർ
തൊഴിലും നൈപുണ്യവും വകുപ്പ്



Edited, Printed and Published by A. Alexander IAS, Labour Commissioner
Department of Labour, Government of Kerala
Printed at Orange Printers Pvt Ltd., Thiruvananthapuram
June 2018
Copies: 10,000
For Free Circulation



digiCROW Designs
rash8075559859@gmail.com